# പശ്ചിമ ഭാരത യാത്ര 201...

**മുംബൈ - അജന്ത - എല്ലോറ - ഔറംഗാബാദ് - ഷിർദ്ദി**

| യാത്രയുടെ കോഡ് നമ്പർ | യാത്രയ്ക്ക് ആവശ്യമായ ദിവസം | യാത്ര പുറപ്പെടുന്ന തീയ്യതികൾ | യാത്രയുടെ രീതി: |
|---|---|---|---|
| 11 WI A | 10 | | ശീതികരിച്ച വാഹനങ്ങൾ |

| | | താമസം | ഭക്ഷണം |
|---|---|---|---|
| 1-ാംദിവസം: | കേരളത്തിൽ നിന്നും നേത്രാവദി എക്സ്പ്രസിൽ ലോകമാന്യതിലക് റെയിൽവേസ്റ്റേഷനിലേക്ക് (ബോംബൈ) യാത്ര. ട്രെയിൻ നമ്പർ 14346 | ട്രെയിനിൽ | NIL |
| 2-ാംദിവസം: | വൈകുന്നേരം 6.20 ന് ലോകമാന്യതിലക് റെയിൽവേ സ്റ്റേഷനിൽ നിന്നോ അല്ലെങ്കിൽ എയർപോർട്ടിൽ നിന്നോ യാത്രികരെ കൂട്ടി രാത്രിയിൽ മുംബൈയിൽ ഹോട്ടലിൽ താമസം. | മുംബൈ | D |
| 3-ാംദിവസം: | കാലത്ത് 9 മണിക്ക് മുംബൈയിലെ കാഴ്ചകൾ കാണൽ: ഗേറ്റ് വേ ഓഫ് ഇൻഡ്യാ , നരിമാൻ പോയിന്റ് , അക്വേറിയം, ചുവപ്പാട്ടി കടൽ തീരം, മലബാർ ഹിൽ( കമലാ നെഹ്റു പാർക്ക് , മഹാ ലക്ഷ്മി ക്ഷേത്രം, ജുഹു കടൽ തീരം) എന്നിവ സന്ദർശിച്ച് രാത്രിയിൽ മുംബൈയിൽ ഹോട്ടലിൽ താമസം. | മുംബൈ | BLD |
| 4-ാംദിവസം: | കാലത്ത് 6 മണിക്ക് നാസികിലേക്ക് യാത്ര. 10 മണിക്ക് നാസികിലെത്തി നാസികിലെ കാഴ്ചകളായ: ഗോദാവരി നദി, തപോവനം, പഞ്ചവടി , ത്രയംബകേശ്വര ജ്യോതിർ ലിംഗ ക്ഷേത്രം എന്നിവ ദർശിച്ച് ഷിർദ്ദിയിലേക്ക് യാത്ര. ഉച്ചക്ക് 2 മണിയോടുകൂടി ഷിർദ്ദിയിലെത്തി ഷിർദ്ദി സായിബാബ ക്ഷേത്ര ദർശനം നടത്തി രാത്രിയിൽ ഷിർദ്ദി ഹോട്ടലിൽ താമസം. | ഷിർദ്ദി | BLD |
| 5-ാംദിവസം: | കാലത്ത് 7 മണിക്ക് ശനി ശിങ്കനാപൂരിലേക്ക് യാത്ര. ശനി ശിങ്കനാപൂർ ക്ഷേത്ര ദർശനത്തിനു ശേഷം രാത്രിയിൽ ഔറംഗാബാദിലെത്തി ഹോട്ടലിൽ താമസം., | ഔറംഗാബാദ് | BLD |
| 6-ാംദിവസം: | കാലത്ത് 7 മണിക്ക് അജന്താ ഗുഹകൾ സന്ദർശിക്കുന്നതിനായി യാത്ര. വൈകുന്നേരം ഔറംഗാബാദിൽ തിരിച്ചെത്തി. ഔറംഗാബാദിലെ കാഴ്ചകളായ ബിബി കി മക്ബാറാ, പഞ്ചചകി, എന്നിവ സന്ദർശിച്ച് | ഔറംഗാബാദ് | BLD |

| | | | |
|---|---|---|---|
| | രാത്രിയിൽ ഔറംഗാബാദ് ഹോട്ടലിൽ താമസം. | | |
| **7-ാംദിവസം:** | കാലത്ത് ദൗളത്താബാദ് കോട്ട സന്ദർശനത്തിനു ശേഷം എല്ലോറ ഗുഹകൾ , ധൃഷ്ണേശ്വര ജ്യോതിർലിംഗ ക്ഷേത്രം എന്നിവ ദർശനത്തിച്ച് വൈകുന്നേരം 6 മണിക്ക് മുംബൈയിലേക്ക് രാത്രി യാത്ര. | **മുംബൈ** | **BLD** |
| **8-ാംദിവസം:** | പ്രഭാത കൃത്യങ്ങൾക്ക് ശേഷം എലിഫെന്റാ കേവിലേക്ക് ബോട്ട് യാത്ര. മുംബൈയിൽ തിരിച്ചെത്തിയതിനുശേഷം ഷോപ്പിംഗ് നടത്തി രാത്രിയിൽ മുംബൈ ഹോട്ടലിൽ താമസം.. | **മുംബൈ** | **BLD** |
| **9-ാംദിവസം:** | മടക്കയാത്രക്കായി എയർപോർട്ടിലോ , റെയിൽവേസറ്റേഷനിലോ(ലോകമാന്യതിലക്) കൊണ്ടു ചെന്നാക്കൽ. മടക്കയാത്ര ട്രെയിൻ നമ്പർ16345 നേത്രാവതി എക്സ്പ്രസ്. | **ട്രെയിനിൽ** | **B** |
| **10-ാം ദിവസം:** | കേരളത്തിൽ തിരിച്ചെത്തുന്നു. യാത്ര അവസാനിച്ചു. | **NIL** | **NIL** |

***B: പ്രഭാത ഭക്ഷണം., L: ഉച്ച ഭക്ഷണം. D: രാത്രി ഭക്ഷണം.**

**ഓപ്ഷൻ നമ്പർ 1: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 18500/-**

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ശീതീകരിച്ച വാഹനങ്ങൾ, ശീതീകരിച്ച മുറിയിൽ ടോയ്ലറ്റ് സൗകര്യത്തോടു കൂടിയ താമസ സൗകര്യം 2 പേർക്ക് 1 മുറി എന്ന തോതിൽ. വെജിറ്റേറിയൻ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ,. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

**ഓപ്ഷൻ നമ്പർ 2: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 16500/-**

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ശീതീകരിച്ച വാഹനങ്ങൾ, ,ശീതീകരിക്കാത്ത മുറിയിൽ ടോയ്ലറ്റ് സൗകര്യത്തോടു കൂടിയ താമസ സൗകര്യം. വെജിറ്റേറിയൻ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

**ഓപ്ഷൻ നമ്പർ 3: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 13500/-**

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ശീതീകരിച്ച വാഹനങ്ങൾ, ,ശീതീകരിക്കാത്ത ഡോർമെറ്ററി ഹാൾ താമസ സൗകര്യം. വെജിറ്റേറിയൻ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന്

കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ,. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

**ബുക്കിംഗ്:** യാത്രാ നിരക്കിന്റെ 25 % തുക മുൻകൂറായി അടച്ച് യാത്ര മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. ബാക്കി തുക യാത്ര പുറപ്പെടുന്നതിന് 15 ദിവസം മുമ്പ് അടച്ച് രസീതി വാങ്ങേണ്ടതാണ്. റെയിൽവേ ടിക്കറ്റുകൾ യാത്ര പുറപ്പെടുന്നതിന് 120 ദിവസം മുമ്പ് ബുക്ക് ചെയ്താലേ ലഭ്യമാകുകയുള്ളു. 6 മാസം മുമ്പ് ബുക്ക് ചെയ്യുന്ന വിമാന ടിക്കറ്റുകൾ നിരക്ക് കുറവായി ലഭ്യമാകുന്നതായിരിക്കും.

**യാത്ര റദ്ദാക്കൽ:** യാത്ര തുടങ്ങുന്നതിന് 30 ദിവസം മുമ്പുള്ള റദ്ദാക്കലിന് അഡ്വാൻസ് തുകയുടെ 50 % കഴിച്ച് ബാക്കി തിരിച്ചു ലഭിക്കുന്നതായിരിക്കും. അതിനു ശേഷമുള്ള റദ്ദാക്കലിന് യാതൊരു വിധ റിഫണ്ടും ലഭിക്കുന്നതല്ല.

* യാത്രികർ അവരവരുടെ ഫോട്ടോ സഹിതമുള്ള തിരിച്ചറിയൽ കാർഡുകൾ യാത്രാസമയത്ത് കൈവശം വെക്കേണ്ടതാണ്.

* റോഡ് തടസം, മാർഗ്ഗങ്ങൾ തിരിച്ചുവിടൽ, ട്രെയിൻ- വിമാനം തുടങ്ങിയവയുടെ താമസിച്ചുള്ള വരവ് , സമരങ്ങൾ പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയ കാരണങ്ങളാൽ യാത്രക്ക് തടസങ്ങൾ നേരിടുകയാണെങ്കിൽ യാത്രക്കായി അടച്ച തുക തിരിച്ചു ലഭിക്കുകയില്ല.

* ഹിമാലയ യാത്രയിൽ തണുപ്പിന് ഇടുന്നതിനുള്ള രോമ നിർമ്മിതമായ സ്വെറ്റർ, സോക്സ് , രോമ നിർമ്മിത തൊപ്പി കയ്യുറകൾ കാലുറകൾ എന്നിവ കരുതേണ്ടതാണ്.

* കമ്പനി ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**Our Account Details:**

PAYEE NAME: VIVEKANANDA TRAVELS PLTD
BANK NAME : ICICI BANK
A/C NO : 075505000205
BRANCH : GURUVAYOOR , WEST NADA
IFC CODE :ICIC 0000755
SWIFT CODE: ICICINBBXXX

**മുംബൈ എന്ന ബോംബൈ**

---------------------------------------------
മുംബൈ എന്നിപ്പോൾ വിളിപ്പേരുള്ള നഗരത്തിന് ബ്രിട്ടീഷ് ഭരണകാലത്ത് ബോംബൈ എന്നായിരുന്നു നാമം. ഒരു കാലത്ത് കേരളത്തിലെ യുവാക്കളുടെ സ്വപ്നഭൂമിയായിരുന്ന ബോംബൈ! എത്രയോ ജീവിതങ്ങൾ ബോംബൈയെ ആശ്രയിച്ച് വളർന്നിട്ടുണ്ട്, എത്രയോ സ്വപ്നങ്ങൾ പൊലിഞ്ഞിട്ടുമുണ്ട്.....
ഇന്ന് മുംബൈ തിരക്കിന്റെ നഗരമാണ്.... ലക്ഷ്യത്തിലേക്ക് ഒരു നദിയുടെ ഒഴുക്കു പോലെ നീങ്ങുന്ന ജന സഞ്ചയങ്ങളുടെ നഗരം.
മണിസൗധങ്ങളും ചേരികളുമുള്ള നഗരം.......
സമൂഹത്തിലെ ഉന്നതരും, സമൂഹം തമസ്ക്കരിച്ചവരും ഇവിടെ ജീവിക്കുന്നു.

ഇത് മുംബൈയാണ്....പഴയ ബോംബൈ!

ഇന്ന് നാം കാണുന്ന ജനനിബിഡമായ മുംബൈ എന്ന വൻ പട്ടണത്തിന് അങ്ങനെയല്ലാതിരുന്ന ഒരു ബാല്യകാലമുണ്ട്...... ഇന്നീ കാണുന്ന വൻ നഗരത്തിന്റെ സ്ഥാനത്ത് മുൻപ് ഏഴ് ചതുപ്പ് ദ്വീപുകളായിരുന്നു. മുൻപ് ഹൈന്ദവ രാജാക്കന്മാരുടെ അധീനതയിലുണ്ടായിരുന്ന ഈ പ്രദേശത്തിന്റെ രക്ഷാധികാരി മുംബൈ ദേവിയായിരുന്നു. പിന്നീട് പോർച്ചുഗലിന്റെ അധീനതയിലായ ഈ ചതുപ്പു നിലത്തെ 1661-ൽ പോർച്ചുഗൽ രാജകുമാരിയായ കാതറിനെ വിവാഹം ചെയ്ത ഇംഗ്ലണ്ടിലെ ചാൾസ് രണ്ടാമന് പോർച്ചുഗൽ ഈ ചതുപ്പുദ്വീപുകൾ വിവാഹ സമ്മാനമായി നൽകി. പിന്നീടങ്ങോട്ട് അതിവേഗമായിരുന്നു ഈ പട്ടണത്തിന്റെ വളർച്ച.
ബ്രിട്ടന്റെ കയ്യിലെ മുംബൈ പേര് മാറി ബോംബൈയായി,
ചതുപ്പു നിലങ്ങൾക്ക് മേലെ മണ്ണ് വീണു നികന്നു,
പാലങ്ങൾ വന്നു......
ആൾത്തിരക്കുകളായി.....
ഒരു നഗരത്തിന്റെ തിരുപ്പിറവി ആരംഭിച്ചു.
ഒരു പാട് കാഴ്ചകൾ മുംബൈയിലുണ്ട്
നമുക്ക് സഞ്ചരിക്കാം..............................

**ഗേറ്റ് വേ ഓഫ് ഇന്ത്യ.(മുംബൈ)**

-----------------------------------

ഇത് ഗേറ്റ് വേ ഓഫ് ഇന്ത്യയാണ്. ഭാരതത്തിന്റെ അഭിമാനമാണ് ഇന്നത്തെ മുംബൈയിലുള്ള ഈ ഭാരത കവാടം.

ജോർജ്ജ് അഞ്ചാമനും മേരി രാജ്ഞിയും ഭാരതം സന്ദർശിച്ച വേളയിൽ അവരെ സ്വീകരിക്കുവാനായി നിർമ്മിക്കപ്പെട്ടതാണ് ഗേറ്റ് വേ ഓഫ് ഇന്ത്യ എന്ന ഈ മനോഹര കവാടം. 1911 ലായിരുന്നു അത്.

ഒടുവിൽ ഭാരതം സ്വതന്ത്രമായപ്പോൾ ഇൻഡ്യയിലവശേഷിച്ച ബ്രിട്ടീഷ് പട്ടാളം ഇവിടം വിട്ടു പോയതും ഈ കവാടത്തിൽ കൂടിയാണ്.

ന്യൂയോർക്ക് നഗരത്തിന്റെ മുഖമുദ്രയായ സ്റ്റാച്യൂ ഓഫ് ലിബർട്ടി പോലെ മുംബൈ നഗരത്തിന്റെ മുഖമുദ്രയാണ് ഗേറ്റ് വേ ഓഫ് ഇന്ത്യാ. ജോർജ്ജ് വില്ലറ്റ് എന്ന സ്കോട്ട് വാസ്തു ശിൽപ വിദഗ്ദനാണ് ഈ മുംബൈ നഗരത്തിന്റെ താജ്മഹൽ എന്നറിയപ്പെടുന്ന മനോഹര കവാടത്തിന്റെ നിർമ്മിതിക്കു പിന്നിൽ.

ഉറപ്പായും ഓരോ സഞ്ചാരിയും നിർബന്ധമായും കണ്ടിരിക്കേണ്ട കാഴ്ച്ചകളിൽ ഒന്നാണ് ഭാരതത്തിന്റെ അഭിമാനമായ ഗേറ്റ് വേ ഓഫ് ഇന്ത്യ.

## നരിമാൻ പോയിന്റ് (മുംബൈ)

-------------------------------

മുംബൈയുടെ ബിസിനസ് ഡിസ്ട്രിക്ട് എന്നു വിളിക്കപ്പെടുന്ന ഇടമാണ് നരിമാൻ പോയിന്റ്.

ഒരു കാലത്ത് നരിമാൻ പോയിന്റ് നിൽക്കുന്ന സ്ഥലം കടലായിരുന്നു. കടലിൽ നിന്നും വീണ്ടെടുക്ക് ഈ സ്ഥലം നിർമ്മിച്ചത് കുർഷിദ് നരിമാൻ എന്നയാളാണ്. അദ്ദേഹത്തോടുള്ള നിസ്സീമമായ ബഹുമാന സൂചകമായാണ് ഈ പ്രദേശത്തിന് നരിമാൻ പോയിന്റ് എന്ന് നാമകരണം ചെയ്തത്.

മുംബൈയിലെ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ ഏറിയ പങ്കും നരിമാൻ പോയന്റിലാണ്.

ഇന്ത്യയിലെ പല വൻകിട വ്യാപാര വ്യവസായ സംരംഭങ്ങളുടെ പ്രധാന ഓഫീസുകൾ ഇവിടെയാണ്. ഇന്ത്യൻ വിമാന സർവ്വീസായ എയർ ഇന്ത്യ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ എക്സ്പ്രസ് ദിനപത്രം, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇവയെല്ലാം അവയിൽ ചിലതു മാത്രം.

വ്യാപാര വ്യവസായങ്ങളുടെ തിരക്കുണ്ടെങ്കിലും നരിമാൻ പോയിന്റ് ശാന്തമാണ്, നരിമാൻ പോയിന്റിൽ നിന്നുള്ള അറബിക്കടലിന്റെ കാഴ്ച അതി മനോഹരമാണ്.

യാത്ര കഴിഞ്ഞാലും നരിമാൻ പോയിന്റ് ഒരു മധുര സ്മരണയായി നമ്മുടെ മനസിലുണ്ടാവും തീർച്ച............

## ചൗപ്പാട്ടി (മുംബൈ)

---------------------

ആൾത്തിരക്കും വാഹനങ്ങളും നഗര ഹൃദയത്തിലൂടെ പായുന്ന വൈദ്യുത തീവണ്ടികളും ഡബ്ബാവാലകളും നിറഞ്ഞ മുംബൈ നഗരത്തിലെ പ്രശാന്ത സുന്ദരമായ ഒരു കടൽത്തീരം അതാണ് പ്രസിദ്ധമായ ചൗപ്പാട്ടി കടൽത്തീരം.

ചൗപ്പാട്ടി ബീച്ചിൽ നിന്നുള്ള സൂര്യാസ്തമനത്തിന്റെ മനോഹര ദൃശ്യം ആരിലും ഒരു കവി ഹൃദയമുണർത്തും...............

ഒരു ദിവസം മുഴുവൻ നീണ്ടു നിൽക്കുന്ന തിരക്കേറിയ മംബൈ ജീവിതത്തിൽ വൈകിട്ട് മിക്കവരും എത്തിച്ചേരുക ഈ സുന്ദര സാഗര തീരത്താണ്....

തിരക്കുകളിൽ നിന്നൊഴിഞ്ഞ് കടൽക്കാറ്റിന്റെ കുളിർമ നുകർന്നിരിക്കാൻ...
നീലാകാശത്തിനു ചുവട്ടിലെ പഞ്ചാര മണലിൽ പാദങ്ങളൂന്നി പൊട്ടിച്ചിരിക്കുന്ന കടൽ തിരകൾ നോക്കി നിൽക്കുമ്പോൾ നമ്മളറിയാതെ നാം കുഞ്ഞുങ്ങളാവുന്നു, നിഷ്കളങ്കരായ കുഞ്ഞുങ്ങൾ.....

## മലബാർ ഹിൽസ്(കമലാ നെഹ്റു പാർക്ക്)(മഹാരാഷ്ട്ര)

-----------------------------------------------

മഹാരാഷ്ട്രാ സന്ദർശനം നിങ്ങൾക്കായി കാത്തു വച്ചിരിക്കുന്ന മറ്റൊരു കാഴ്ചയാണ് മലബാർ ഹിൽസിലെ കമലാ നെഹ്റു പാർക്ക്.

മലബാർ ഹിൽസ് ഇന്ത്യയുടെ തന്നെ നയതന്ത്ര പ്രധാനമായ സ്ഥലമാണ്. അതീവ സുരക്ഷ വേണ്ടുന്ന പല രാജ്യ തന്ത്രജ്ഞന്മാരുടെ വാസ സ്ഥലമാണ് മലബാർ ഹിൽസ്.

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ പത്നിയായ ശ്രീമതി കമലാ നെഹ്റുവിന്റെ പേരിലാണ് സഞ്ചാരികൾക്ക് പ്രിയങ്കരമായ ഈ പാർക്ക് നാമകരണം ചെയ്യപ്പെട്ടിട്ടുള്ളത്.

പാർക്കിൽ നിന്നുള്ള ചൗപ്പാത്തി സാഗരതീരത്തിന്റേയും മറൈൻ ഡ്രൈവിന്റേയും കാഴ്ച്ച നയനാഭിരാമമാണ്.

പുൽച്ചെടികളെ മനോഹരമായി വെട്ടിയൊതുക്കി ജീവൻ തുളുമ്പുന്ന ചേതോഹര രൂപങ്ങളാക്കി മാറ്റിയിട്ടുള്ള ഈ ഉദ്യാന സവാരി പോലും നമ്മുടെ ദൈനം ദിന ജീവിത സമസ്യകളിൽ നിന്നും നമ്മെ മോചിപ്പിക്കും. 4000 സ്ക്വയർ ഫീറ്റാണ് ഈ പാർക്കിന്റെ വിസ്തീർണ്ണം.

വിദേശ നാടോടിക്കഥകളിലെ ഷൂവിന്റെ ആകൃതിയിൽ നിർമ്മിച്ച കെട്ടിടത്തിനു മുന്നിൽ സ്കൂൾ കുട്ടികൾ സന്തോഷിച്ചാർക്കുമ്പോൾ അവയിലൊരാളാവാൻ നമ്മളും കൊതിക്കും.

## ശ്രീ മഹാലക്ഷ്മീ ക്ഷേത്രം(മുംബൈ)

---------------------------------

ഭക്ത സഹസ്രങ്ങളെ ആകർഷിക്കുന്ന ഒരു ആരാധനാലയമാണ് മുംബൈയിലെ ഐശ്വര്യ ദേവതയായ ശ്രീ മഹാലക്ഷ്മിയെ യഥാവിധി പൂജിക്കുന്ന ശ്രീ മഹാലക്ഷ്മീ ക്ഷേത്രം. 1831 ൽ ഒരു ധനിക ഹൈന്ദവ വ്യാപാരിയായിരുന്ന ദാക്ജി ദാദാജിയാണ് ധനദേവതയായ ലക്ഷമീ ദേവിയുടെ ഈ ആലയം നിർമ്മിച്ചത്.

ഈ ദിവ്യ ക്ഷേത്രത്തിലെ പ്രധാന ദേവത ശ്രീ മഹാലക്ഷ്മിയാണെങ്കിലും ദേവിയുടെ തന്നെ മറ്റ് ഭാവങ്ങളായ ശ്രീ മഹാകാളി , ശ്രീ മഹാ സരസ്വതി തുടങ്ങിലവരും ഇവിടെ പൂജിക്കപ്പെടുന്നുണ്ട്.

ശത്രു നിഗ്രഹത്തിനായി ശത്രുതാ നിഗ്രഹിയായ ശ്രീ മഹാകാളിയെ വണങ്ങാനും വിദ്യാധനത്തിനും കാവ്യലബ്ദിക്കുമായി അക്ഷരാത്മികമായ ശ്രീ മഹാദേവിയെ പ്രാർത്ഥിക്കാനും സുസ്ഥിര ജീവിത ഭദ്രതയ്ക്കായി ലക്ഷ്മി പ്രീതി വരുത്താനും ഒരുപാട് തീർത്ഥാടകർ ദിനമെന്നോണം ഈ സന്നിധി തേടി എത്താറുണ്ട്.

സമുദ്ര തീരത്ത് സ്ഥിതി ചെയ്യുന്ന ഈ മനോഹര ക്ഷേത്ര നിർമ്മിതിക്ക് പിന്നിൽ തലമുറകൾ കൈമാറി വന്ന ഒരു ചരിത്രമുണ്ട്.

ആയിരത്തി എഴുന്നൂറ്റി എൺപത്തിയഞ്ചിൽ ഈ ക്ഷേത്രം ഇപ്പോൾ നില നിൽക്കുന്ന പ്രദേശത്തിനരികെ കടൽഭിത്തി നിർമ്മിക്കാൻ ഭരണകൂടം തീരുമാനിച്ചു. എന്നാൽ പല കാരണങ്ങളാലും കടൽഭിത്തി നിർമ്മാണം മന്ദഗതിയിലായി എന്നു മാത്രമല്ല..... പലപ്പോഴും പണി തീർന്ന ഭിത്തി കടലിലേക്ക് തന്നെ തകർന്നു വീഴുന്നതും പതിവായി ആ സമയത്ത് കടൽഭിത്തി നിർമ്മാണ ചുമതലയുണ്ടായിരുന്ന പഥാറേ പ്രഭുവിന് കടലിൽ ഒരു ദേവീ വിഗ്രഹമുണ്ടെന്ന് സ്വപ്നദർശനം ഉണ്ടായത്രേ.... നീണ്ട തിരച്ചിലുകൾക്കിടയിൽ കടലിൽ നിന്നും ആ വിഗ്രഹം വീണ്ടെടുക്കപ്പെട്ടു.... ആ വിഗ്രഹ പ്രതിഷ്ഠക്കായി പ്രഭു താൽക്കാലികമായി ഒരു ബാലാലയം കെട്ടിയുണ്ടാക്കി. അതിനുശേഷം കടൽഭിത്തി നിർമ്മാണം സുഗമമായി നടന്നുവത്രേ. പഥാരേ പ്രഭു തുടക്കമിട്ട ക്ഷേത്രം പണി തീർത്തത് ദാക്ജി ദാദാജിയാണ്.

സാഗരതീരത്ത് വസിക്കുന്ന പാലാഴീവാസ പ്രിയയായ മഹാലക്ഷ്മിയെ നമുക്കും പ്രാർത്ഥിക്കാം.

## ഹാജി അലി ദർഗ്ഗ

---------------------

വിനോദ സഞ്ചാര ഭൂപടത്തിലും തീർത്ഥാടന ഭൂപടത്തിലും മുംബൈയെ അടയാളപ്പെടുത്തുന്ന മറ്റൊരിടമാണ് ഹാജി അലി ദർഗ്ഗ എന്ന ഇസ്ലാമിക തീർത്ഥാടന കേന്ദ്രം..... ഇസ്ലാമിക തീർത്ഥാടന കേന്ദ്രമാണെങ്കിലും മഹാരാഷ്ട്ര സന്ദർശിക്കുന്ന സഞ്ചാരികൾ , അവർ വിനോദ യാത്രികരായാലും, തീർത്ഥയാത്രികരായാലും ഹാജി അലി ദർഗ്ഗ സന്ദർശിക്കാതെ മടങ്ങാറില്ല. അറബിക്കടലെന്ന സാഗര കന്യകയുടെ പരിലാളനമേറ്റ് അതിലെ കുളിർത്ത കടൽക്കാറ്റേറ്റ് പ്രൗഢ ഗംഭീര ശാന്തതയോടെ നില കൊള്ളുന്ന ഈ പുണ്യ സങ്കേതം മിഴികൾക്ക് സൗന്ദര്യവും കരളകത്തിന് ശാന്തിയും പകരും.

ദുനിയാവിലെ സുഖങ്ങളെല്ലാം ഉപേക്ഷിച്ച് പരമകാരുണികനായ അല്ലാഹുവിനെ മാത്രം പ്രണയിച്ച ഒരു മുസ്ലീം ആത്മാന്വേഷിയുടെ ഭൗതിക ദേഹം മണ്ണേറ്റ് വാങ്ങിയ പുണ്യ സ്ഥലമാണിത്. പിർ ഹാജി അലി ഷാ ബുഖാരി എന്നായിരുന്നു ആ പുണ്യാത്മാവിന്റ പേര്. ഹാജി അലിയുടെ ഖബറിടത്തിൽ വച്ചുള്ള പ്രാർത്ഥന ഒന്നു കൊണ്ടു മാത്രം ഉദ്ദിഷ്ട കാര്യങ്ങൾ സാധിക്കുകയും ദീനങ്ങൾ ഭേദമാക്കപ്പെടുകയും ചെയ്തവർ ഏറെയുണ്ടെന്ന് ജാതി മത വിത്യാസമില്ലാതെ അനുഭവ സാക്ഷ്യങ്ങൾ അനവധി.

1431 ലാണ് ഇൻഡോ-ഇസ്ലാമിക് വാസ്തു ശിൽപ്പ രീതിയിൽ പണി കഴിപ്പിച്ചിട്ടുള്ള ഈ ദർഗ്ഗ നിർമ്മിക്കപ്പെട്ടത്.

## ജുഹൂ ബീച്ച് (മുംബൈ)

----------------------

സമാനതകളില്ലാത്ത മഹാ സാഗര തീരം............ ജുഹൂ ബീച്ചിനെ അങ്ങനെ വിശേഷിപ്പിക്കാം.......... മുംബൈ നിവാസികൾക്ക് ജുഹൂ കടൽത്തീരം ഒരു കാഴ്ച്ചക്കപ്പുറം അവരുടെ ജീവിതത്തിന്റെ തന്നെ ഭാഗമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സഞ്ചാരികളെത്തുന്ന കടൽത്തീരം ജുഹുവാണ്.

സഞ്ചാരികളെ കൂടാതെ ജുഹു ബീച്ചിനെ ഹൃദയം തൊട്ട് സ്നേഹിക്കുന്ന മറ്റൊരു വിഭാഗം കൂടിയുണ്ട്!

സിനിമാ പ്രവർത്തകർ!!!

ഹിന്ദി സിനിമയിലെ പല സാങ്കേതിക വിദഗ്ദരുടേയും നടീ നടന്മാരുടേയും പ്രിയപ്പെട്ട ലൊക്കേഷനാണ് ജുഹു ബീച്ച്.

നർഗ്ഗീസ് ദത്തും സുനിൽ ദത്തും രേഖയും അമിതാബ് ബച്ചനും ഷാരൂഖ് ഖാനുമൊക്കെ എത്ര തവണ ഈ സുന്ദര കടൽതീരത്തെ പഞ്ചാര പൂഴിമണ്ണിൽ നമുക്ക് വേണ്ടി നൃത്തമാടിയിട്ടുണ്ട്. ഇങ്ങ് കേരളത്തിലെ സിനിമാ കൊട്ടകയിലിരുന്ന് നാമെത്ര തവണ ആ സുന്ദര ദൃശ്യങ്ങൾ താൽപ്പര്യത്തോടെ കണ്ടിരിന്നിട്ടുണ്ട്.

ജുഹു ബീച്ചിന്റെ മനോഹാരിതയിൽ നിൽക്കുമ്പോൾ കരയെ കൈനീട്ടി തൊടാനായുന്ന തിരമാലകൾ കണ്ടു നിൽക്കുമ്പോൾ നമ്മൾ മറന്നു പോകുന്ന ഒന്നുണ്ട്

സമയം..................സമയം മാത്രം.......

## എലിഫെന്റാ ഗുഹകൾ

------------------------------

ശിൽപ്പങ്ങളുടെ പെരും കടൽ നെഞ്ചേറ്റിയ എലിഫെന്റാ ഗുഹകൾ.................
അക്ഷരങ്ങൾ പരിമിതികൾ സമ്മതിച്ച് തരുന്നത് ഇത്തരം ചില കാഴ്ചകളുടെ മുന്നിലെത്തുമ്പോഴാണ്.

ഒറ്റക്കല്ലിൽ കൊത്തിയെടുത്ത ഈ ഗുഹാക്ഷേത്രങ്ങളിൽ ആരാണിത്ര മനോഹര ശിൽപ്പങ്ങൾ പണിതത് ?

സർവ്വ മൂർത്തികളേയും മനസിലാവഹിച്ച് ഒരു വൃത നിഷ്ഠപോലെ പകർത്തി കരിങ്കല്ലിനെ മഹാദേവനാക്കുന്ന രാജ ശിൽപ്പികൾക്ക് പ്രണാമമർപ്പിക്കാതെ ഇവിടെ നിൽക്കാനാവില്ല.
ഇത് എലിഫെന്റാ ഗുഹകളാണ്......
ശൈവ ഭാവങ്ങൾ ശിൽപ്പങ്ങളിൽ ഉറങ്ങുന്ന..........അല്ല ഉണർന്നിരിക്കുന്ന എലിഫെന്റാ ഗുഹകൾ................

അഞ്ചാം നൂറ്റാണ്ടിനും എട്ടാം നൂറ്റാണ്ടിനുമിടയിലാണ് ഈ ഗുഹാക്ഷേത്രങ്ങൾ നിർമ്മിച്ചത് .ഇതിന്റെ കാല നിർണ്ണയം നടത്താൻ പൂർണ്ണമായും കഴിഞ്ഞിട്ടില്ല.അല്ലെങ്കിൽ തന്നെ ഈ ശിൽപ്പങ്ങൾ കാലാതിവർത്തികളാണല്ലോ?

മുംബൈ നഗരത്തിന്റെ അഭിമാനമായ ഗെയ്റ്റ് വേ ഓഫ് ഇന്ത്യയിൽ നിന്നും അധികം അകലെയല്ലാതെ അര മണിക്കൂർ ബോട്ട് യാത്ര കൊണ്ട് നമുക്കിവിടെ എത്താം...... ഈ ബോട്ട് യാത്ര മറക്കാനാവാത്ത ഒരു അനുഭവമായിരിക്കും.

ഗുഹയുടെ പ്രധാന കവാടത്തിലേക്ക് കടക്കുമ്പോൾ ചുറ്റും ഇരുട്ടുവന്നു പൊതിയും പിന്നെ പയ്യെ പയ്യെ അകത്തെ വെളിച്ചവുമായി നമ്മുടെ കണ്ണുകൾ സമരസപ്പെടുമ്പോൾ മുന്നിൽ ഒരു കോവിൽ പോലെ തീർത്ത അറയ്ക്കുള്ളിൽ അനാദിയായ ശിവലിംഗം! പിന്നെ കാഴ്ച്ചകളുടെ വസന്തമാണ്......

സദാശിവം, ഭൂത ഗണങ്ങളാൽ പരിസേവിതനായ രുദ്ര ദേവൻ, അർദ്ദ നാരീശ്വരൻ, ശിൽപ്പങ്ങളുടെ കാഴ്ച്ച പെട്ടെന്നൊന്നും തീരില്ല.
ഗംഗാധരനു ചാരെ നിൽക്കുന്ന പാർവ്വതിയെ സ്ത്രീ സൗന്ദര്യത്തിന്റെ എല്ലാ ചാരുതയോടും കൂടിയാണ് അജ്ഞാതനായ ശിൽപ്പി കൊത്തി വച്ചിരിക്കുന്നത്.

'സ്തനഭാര ദളൽ മധ്യ പട്ടബന്ധവലിത്രയാ'
എന്ന ലളിതാ സഹസ്രനാമം മനസിലുണർന്നുവോ?
എലഫെന്റാ ഗുഹകളിൽ നിന്നുമൊരു മടക്കയാത്രക്ക് ഒരുങ്ങുമ്പോൾ നമ്മുടെ കണ്ണുകൾ പിന്നെയും അങ്ങോട്ടു തന്നെ ക്ഷണിക്കും........
ഇല്ല!!!! വാക്കുകൾക്ക് പരിമിതികളുണ്ട്.....
അനുഭവിച്ച് തന്നെ അറിയുക!!!!

## ഷിർദ്ദി

-----------

ഹിന്ദുവും ക്രിസ്ത്യാനിയും മുസൽമാനും പാർസിയുമെല്ലാം ഭക്തിപൂർവ്വം വരി വരിയായി നീങ്ങുന്നു.
ഈ ജനത്തിരക്കിനിടയിലും പ്രൗഢ ഗംഭീരമായ നിശബ്ദത....
അന്തരീക്ഷത്തിൽ സുഗന്ധധൂപ കൂട്ടുകളുടെ ഹൃദ്യമായ പരിമളം,
അണയാതെ കത്തുന്ന അഗ്നികുണ്ഢം.....
ഷിർദ്ദിയിലെ കാഴ്ച്ചകളാണിവ.
1818 ഒക്ടോബർ പതിനഞ്ചാം തീയ്യതി വിജയദശമി ദിനത്തിൽ സമാധിയടഞ്ഞ ഷിർദ്ദിസായി ബാബ എന്ന അവധൂത ഫക്കീറിന്റെ സാന്നിധ്യം കൊണ്ട് ദിവ്യമായ ഷിർദ്ദി.
ഷിർദ്ദി ബാബ.........
ബാബയുടെ മതമേതെന്നോ കുലമേതെന്നോ ഇപ്പോഴുമാർക്കുമറിയില്ല.

സമാധിയാകും വരെ അദ്ദേഹമതാരോടും പങ്കു വച്ചിട്ടുമില്ല.
ഒരിക്കൽ...
ഷിർദ്ദിയിലെ പഴകിയ ദ്വാരകാമയി മസ്ജിദ് എന്ന മുസ്ലീം പള്ളിക്കു സമീപമെത്തെ വേപ്പിൻ ചുവട്ടിലാണ് ജനങ്ങൾ ബാബയെ കണ്ടത്. മുഷിഞ്ഞ നീളൻ കുപ്പായവും തലയിൽ തുണികൊണ്ടൊരു കെട്ടുമായി കണ്ണിൽ കരുണയും ചുണ്ടിൽ പുഞ്ചിരിയുമായി .കാന്തം ഇരുമ്പിനെ തന്നിലേക്ക് ആകർഷിക്കും പോലെ ജനങ്ങൾ ആ ദിവ്യ പുരുഷനിലേക്ക് ആകൃഷ്ടരായി.....
പിന്നീട്.....
അത്ഭുതങ്ങളുടെ ഘോഷയാത്രയായിരുന്നു. പച്ചവെള്ളമൊഴിച്ച് ചിരാത് തെളിയിക്കുന്നതടക്കമുള്ള ദിവ്യാത്ഭുതങ്ങൾ...
ഷിർദ്ദിയിൽ....
ബാബ താമസിച്ചിരുന്ന ദ്വാരകാമയീ മസ്ജിദും ഭക്തർക്ക് ദർശനം കൊടുത്തിരുന്ന കയ്ക്കാത്ത ഇലകളുള്ള വേപ്പ് മരവും ധുനി എന്ന അഗ്നികുണ്ഢവും ഇപ്പോഴുമുണ്ട്.
ഇന്ത്യയിലെത്തന്നെ ഏറ്റവും തിരക്കേറിയ തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നാണ് ഷിർദ്ദി. ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനമായ മുംബൈയിലെ മഹാധനികന്മാർ മുതൽ സമൂഹം തമസ്ക്കരിച്ചവർ വരെ ഷിർദ്ദി ബാബയുടെ ആരാധകരാണ്. ഇവിടെയെത്തുന്ന നാനാജാതി മതസ്ഥരായ ഭക്തർക്കായി ഷിർദ്ദി സായിയുടെ കാരുണ്യം പോലെ സൗജന്യ താമസ ഭക്ഷണ സൗകര്യങ്ങളടക്കം എല്ലാം ലഭ്യമാണ്.
നാനജാതി മതസ്ഥർ ഒരു മനസോടെ ബാബയുടെ കാരുണ്യത്തിന് വേണ്ടി പ്രാർത്ഥിക്കുമ്പോൾ ബാബ സ്ഥിരം പറയാറുള്ള വാക്കുകൾ നമ്മളോർക്കും

"സബ് കാ മാലിക് ഏക് ഹെ!"

## എല്ലോറ

ഒരു നാരിൽ കോർത്ത വിവിധ പുഷ്പങ്ങൾ നിറഞ്ഞ മനോഹര ഹാരം പോലെ കൈകോർത്തു നിൽക്കുന്ന വിവിധ സംസ്കൃതികൾ പേറുന്ന മുപ്പത്തി നാലു ഗുഹകൾ.....
ഹിന്ദു ബുദ്ധ ജൈന സംസ്കാരങ്ങൾ സമ്മേളിച്ചതാണ് എല്ലോറ ഗുഹകൾ...
"വസുദൈവ കുടുംബകം" എന്ന മന്ത്രം നെഞ്ചേറ്റുന്ന ഭാരതമെന്ന പുണ്യഭൂമിയിലല്ലാതെ മറ്റെങ്ങും സാധ്യമാകാത്ത മത-സംസ്കാര സമന്വയത്തിന്റെ സാക്ഷ്യപത്രം!!
ഈ ഗുഹാ സമുച്ഛയത്തിൽ പതിനേഴ് ഹൈന്ദവ ഗുഹാക്ഷേത്രങ്ങളും പന്ത്രണ്ട് ബുദ്ധവിഹാര ഗുഹകളും അഞ്ച് ജൈന ക്ഷേത്ര ഗുഹകളുമുണ്ട്. ഇതെല്ലാം പാറയിൽ കൊത്തിയെടുത്തതാണ്.....
നൂറ്റാണ്ടുകൾ നീണ്ട അധ്വാനവും ആത്മ സമർപ്പണവുമുണ്ട് ഈ മഹാ ശിൽപ്പ നിർമാണത്തിനു പിന്നിൽ!
ഈ ചരിത്ര സാക്ഷ്യ പത്രത്തിനു മുന്നിൽ നിന്നും ഇതിന്റെ നിർമ്മാണ കാലഘട്ടത്തിലേക്ക് ഒന്ന് മനസ് കൊണ്ട് യാത്ര ചെയ്യുക.....

ഓരോ കരിങ്കല്ലിലും ഓരോ ശിൽപ്പരൂപങ്ങളെ കണ്ടെത്തുന്ന ദേവ വിരലുകളുള്ള ശിൽപ്പികൾ..........
അവരെ പ്രണയാർദ്രമായ ആദരവോടെ നോക്കി കണ്ട നക്ഷത്ര മിഴികൾ,
പെരും പാറക്കല്ലുകളെ പൂക്കൾ പോലെ എടുത്തു നീക്കുന്ന കാച്ചിയ ഇരുമ്പിന്റെ നിറമുള്ള ശരീരവുമായി തൊഴിലാളികൾ.....
ആജ്ഞ കൊടുക്കുന്ന കങ്കാണിമാർ....
ഏലേലം വിളികളുടെ മന്ത്രധ്വനി...
മുന്നൂറ് വർഷത്തോളം നീണ്ടു നിന്ന അധ്വാനത്തിന്റെ ഫലമാണ് നമ്മളിങ്ങനെ വിടർന്ന മിഴിയോടെ കണ്ടു കൊണ്ടിരിക്കുന്നത്.
പതിനാറാം ഗുഹയിലെ കൈലാസനാഥക്ഷേത്രവും ദശാവതാരങ്ങൾ കൊത്തി വച്ച ദശാവതാരഗുഹയും ചന്ദ്രശാല എന്ന പത്താം ഗുഹയും എത്ര കണ്ടാലാണു മതിയാവുക?

വൈഷ്ണവ മന്ത്രങ്ങളും ശിവ പഞ്ചാക്ഷരിയും ബുദ്ധം ശരണം ഗച്ഛാമി, എന്നു തുടങ്ങുന്ന ശരണത്രയങ്ങളും ഒരേ ശ്രുതിയിൽ ഒരു കാലത്ത് മുഴങ്ങിയിരുന്ന ഇവിടെ നിൽക്കുമ്പോൾ ഭാരതീയരായി ജനിച്ചതിൽ നമുക്കഭിമാനം തോന്നും...
മറ്റെങ്ങുണ്ട്.....
ഇത്രയേറെ കാഴ്ച്ചകൾ, ?
മറ്റാർക്കവകാശപ്പെടാനുണ്ട് ഇത്രയേറെ കലാ പാരമ്പര്യം?
ഇപ്പോൾ നമുക്ക് കാണാനായി നൂറ്റാണ്ടുകൾക്കു മുമ്പേ കാഴ്ച്ചകളൊരുക്കി വച്ച, മൺമറഞ്ഞു പോയ പഴയ തലമുറയ്ക്ക് പ്രണാമമർപ്പിച്ച് നമുക്ക് അടുത്ത കാഴ്ചാനുഭവം തേടി യാത്രയാവാം......
വരിക........

## അജന്ത

-------------

യുനെസ്കോ വേൾഡ് ഹെറിട്ടേജ് സൈറ്റിൽ സ്ഥാനം പിടിച്ച അജന്താ ഗുഹകൾ മഹാരാഷ്ട്രാ സംസ്ഥാനത്തിലെ ഔറംഗാബാദ് ജില്ലയിലാണ്.
ഒരു വലിയ പാറയിൽ കൊത്തിയുണ്ടാക്കിയ മുപ്പതോളം ഗുഹാ രൂപമാർന്ന ക്ഷേത്രങ്ങളാണ് അജന്തയുടെ ആകർഷണം.
ശിൽപ്പ സൗകുമാര്യം നിറഞ്ഞ് തുളുമ്പുന്ന
അജന്ത തന്നെ ഒരു മഹാ ശിൽപ്പമാണ്.....

അജന്താ ഗുഹകളെ യുനെസ്കോ വിശേഷിപ്പിച്ചത് 'ഇന്ത്യൻ ചിത്രകലയുടെ മകുടോദാഹരണം' എന്നാണ്. ഗുഹാഭിത്തികളിലെ ചുവർ ചിത്രങ്ങൾ ഇത് ശരിവക്കുന്നു. പ്രകൃതി ജന്യമായ ചായക്കൂട്ടുകൾകൊണ്ട് വരയ്ക്കപ്പെട്ട, കാലത്തെ തോൽപ്പിക്കുന്ന ചിത്രങ്ങൾ.....
വസന്തവും ഗ്രീഷ്മവും ശിശിരവും ശരത്കാലവുമൊക്കെ എത്രയോ തവണ വന്നു പോയിട്ടും..................
മഞ്ഞും മഴയും വേനലുമെല്ലാം മുറ തെറ്റാതെ കടന്നു പോയിട്ടും, ഏറെയൊന്നും ഒളി മങ്ങാത്ത ചുമർ ചിത്രങ്ങൾ....
ബൗദ്ധ ചിത്രങ്ങളാണ് അജന്തയിലെ ചിത്രങ്ങളിലധികവും.....
ജാതക കഥകളുടെ ചിത്ര രൂപങ്ങൾ അതി മനോഹരമാണ്.
ഹിന്ദു ബുദ്ധ ജൈന സംസ്ക്കാരം ഒന്നിക്കുന്ന ഈ ഗുഹാക്ഷേത്രങ്ങളുടെ നിർമ്മാണ പ്രവൃത്തി രണ്ടാം നൂറ്റാണ്ടിൽ ആരംഭിച്ചതാണ്.
പ്രശസ്ത ചൈനീസ് സഞ്ചാരി ഹുയാങ്-സാങ് അജന്താഗുഹകൾ സഞ്ചരിച്ചിട്ടുണ്ട്....

ബൗദ്ധ തത്ത്വചിന്തകനായ 'ദിഗംഗൻ' ഈ ഗുഹകളിലൊന്നിൽ താമസിച്ചാണ് ഗ്രന്ഥ രചനകൾ നടത്തിയിരുന്നതത്രേ.
ശതവാഹന കാലഘട്ട ചരിത്രം തുളുമ്പുന്ന ചിത്രങ്ങൾ നിറഞ്ഞ അജന്താഗുഹകൾ നിർമ്മിച്ചത് മൂന്നു തലമുറകളുടെ അശ്രാന്ത പരിശ്രമം കൊണ്ടാണ്........
നമിക്കുക ആ പോയ്പ്പോയ തലമുറയെ............

## ബിബി കാ മക്ബറ(ഔറംഗാബാദ്)

-------------------

ഒരമ്മയുടെ നിലയ്ക്കാത്ത സ്നേഹത്തിന്റെ ദീപ്ത സ്മരണയിൽ നിസ്വനായ ഒരു മകന്റെ ആത്മ സമർപ്പണമാണ് ബി ബി കാ മക്ബറ. ഔംറംഗസീബിന്റെ പുത്രൻ ആസംഷാ തന്റെ സ്നേഹമയിയായ മാതാവ് ബാനു ബീഗത്തിന്റെ സ്മരണയ്ക്കായി പണി തീർത്തതാണ് ഔറംഗാബാദിലെ ഈ രമ്യ ഹർമ്യം.

## ഔറംഗാബാദ് (മഹാരാഷ്ട്ര)

--------------------------------

മഹാരാഷ്ട്രാ സംസ്ഥാനം സന്ദർശിക്കുന്ന യാത്രികർ ഔറംഗാബാദ് സന്ദർശിക്കാതെ മടങ്ങാറില്ല. കാരണം ചരിത്രം ഘനീഭവിച്ചു കിടക്കുന്ന ഇടമാണ് പഴയ മുഗൾ ചക്രവർത്തിയുടെ നാമം പേറുന്ന ഔംറംഗാബാദ് പട്ടണം.
കവാടങ്ങളുടെ നഗരം (ഇശ്യേീ ഴമലേ) എന്നൊരു വിളിപ്പേരുണ്ട് ഈ പുരാതന ചരിത്ര നഗരിക്ക് , ഈ കവാടങ്ങളിലൂടെ നമ്മൾ സഞ്ചരിക്കുക അനാദിയായ ചരിത്രത്തിലേക്കാണ്,
എ.ഡി 1610 ലാണ് ഔറംഗാബാദ് നഗരം സ്ഥാപിതമായത്. മാലിക് അമ്പർ സ്ഥാപിച്ച ഈ മുഗൾ നഗരത്തിന് കർക്കശക്കാരനായിരുന്ന മുഗൾ ഭരണാധികാരി ഔംറംഗസീബിന്റെ പേര് ചാർത്തി കൊടുക്കപ്പെടുകയായിരുന്നു.

മഹാരാഷ്ട്രയുടെ വിനോദ സഞ്ചാര തലസ്ഥാനമാണ് ഔറംഗാബാദ്. വിശ്വ പ്രസിദ്ധമായ അജന്ത എല്ലോറ ഗുഹകളും മാതൃ സ്മരണ തുടിക്കുന്ന ബിബി കി മക്ബറയുമെല്ലാം ഔറംഗാബാദ് ജില്ലയിലാണ്.
മുൻപ് ഈ സ്ഥലത്തിന്റെ പേര് ഖഡ്കി എന്നായിരുന്നു. പിന്നീട് ഫത്തേഖാന്റെ ഭരണകാലത്ത് ഈ നഗരം ഫത്തേനഗർ എന്ന നാമം പേറി. ഒടുവിൽ മുഗൾ ചക്രവർത്തിയായ ഔംറംഗസീബ് ഫത്തേ നഗറിനെ തന്റെ തലസ്ഥാനമായി തിരഞ്ഞെടുക്കുകയും ഔറംഗാബാദ് എന്നു പുനർ നാമകരണം ചെയ്യുകയും ചെയ്തു.... ഔറംഗാബാദെന്ന ഈ സുന്ദര നഗരത്തിനു വേണ്ടി ഒരുപാട് രക്തച്ചൊരിച്ചിലുകൾ ഉണ്ടായിട്ടുണ്ട്.

## ഗ്രീഷ്മേശ്വർ ജ്യോതിർലിംഗ ക്ഷേത്രം

---------------------------------------------------

മഹാരാഷ്ട്രയിലെ മറാത്ത് വാഡ മേഖലയിലാണ് ഘർഷണേശ്വർ എന്നറിയപ്പെടുന്ന ഗ്രീഷ്മേശ്വർ ജ്യോതിർലിംഗ ക്ഷേത്രം. മോക്ഷദായകമായ ഈ ജ്യോതിർലിംഗ ക്ഷേത്രത്തെപ്പറ്റിയുള്ള ഐതിഹ്യം ഇങ്ങനെ.....
ഈ ക്ഷേത്രത്തിലെ ശിവൻ ആദ്യകാലത്ത് കുങ്കുമേശ്വരൻ എന്നാണ് അറിയപ്പെട്ടിരുന്നതത്രേ....
ദണ്ഡകാരണ്യം എന്ന വനത്തിൽ അലഞ്ഞു നടക്കവേ ശിവ പാർവ്വതിമാർക്ക് കലശലായ ദാഹമുണ്ടായത്രേ.... ജലത്തിനായി പരമശിവൻ തന്റെ ത്രിശൂലം ഭൂമിയിൽ കുത്തിയിറക്കി. അവിടെ നിന്നും പുറത്തു വന്ന വിശുദ്ധജലം പാനം ചെയ്ത ശ്രീ പാർവ്വതി ഇത്രയും നല്ല ജലം ലഭിക്കുന്ന

പ്രദേശത്ത് താമസിക്കുവാൻ ശിവനെ നിർബന്ധിച്ചു. അങ്ങനെ അവരവിടെ താമസമായി. ഒരു നാൾ ശ്രീ പാർവ്വതി ഇടതു കൈയിൽ കുങ്കുമമെടുത്ത് വലത് കൈ വിരൽ കൊണ്ട് ഉരച്ചപ്പോൾ അവിടെ ഒരു ശിവലിംഗം പ്രത്യക്ഷമായി.... ഘർഷണം കൊണ്ടുണ്ടായ ശിവലിംഗമായതിനാൽ ഈ ജ്യോതിർ ലിംഗം ഘർഷണേശ്വർ എന്നറിയപ്പെട്ടു എന്നാണ് ഐതിഹ്യം.
ഈ ക്ഷേത്രത്തെക്കുറിച്ച് മറ്റൊരു ഐതിഹ്യം കൂടി പ്രചാരത്തിലുണ്ട്. അത് സുധർമ്മൻ എന്ന ബ്രാഹ്മണന്റേയും പത്നി ഘർഷണയുടേയും കഥയുമായി ബന്ധപ്പെട്ടതാണ്.

സുധർമ്മൻ എന്നൊരു ബ്രാഹ്മണൻ ഇവിടെ താമസിച്ചിരുന്നു. അദ്ദേഹത്തിനും പത്നി സുദേഹയ്ക്കും സന്താനങ്ങളുണ്ടായിരുന്നില്ല. ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി സുധർമ്മൻ സന്താന ലബ്ദിക്കായി മറ്റൊരു വിവാഹം കൂടി കഴിക്കാൻ നിർബന്ധിതനായി. അങ്ങനെ അദ്ദേഹം സുദേഹയുടെ സഹോദരിയായ ഘർഷണയെ വിവാഹം ചെയ്തു.

തികഞ്ഞ ശിവഭക്തയായിരുന്നു ഘർഷണ..... കാലം പോകെ സുധർമ്മന് ഘർഷണയിൽ ഒരു ആൺകുഞ്ഞു പിറന്നു. ഇത് സുദേഹയിൽ അസൂയ വളർത്തി... ഒരു ദിവസം സുദേഹ ഉറങ്ങി കിടക്കുകയായിരുന്ന ഘർഷണയുടെ പുത്രനെ വെട്ടിക്കൊന്നു. ദു:ഖിതയായ ഘർഷണ ശിവനെ ഭജിച്ചു. പ്രാർത്ഥനക്കൊടുവിൽ ശിവൻ പ്രത്യക്ഷപ്പെട്ട് വരം ചോദിക്കാനാവശ്യപ്പെട്ടപ്പോൾ അങ്ങ് ഇവിടെ വസിക്കണം എന്ന അപേക്ഷയാണ് ഘർഷണ മുന്നോട്ട് വച്ചത്. ശിവൻ തന്റെ ഭക്തയുടെ ആഗ്രഹ പ്രകാരം ജ്യോതിർലിംഗ രൂപത്തിൽ ഇവിടെ വസിക്കാനും ക്ഷേത്രം ഘർഷണയുടെ പേരിൽ അറിയപ്പെടാനും തുടങ്ങി.... ഇതാണ് മറ്റൊരൈതിഹ്യം.

ഏല ഗംഗയുടെ തീരത്ത് ഏലാപുരത്താണ് ഘർഷണേശ്വര ജ്യോതിർലിംഗ ക്ഷേത്രം.

ശ്രീ ശങ്കരാചാര്യർ ഈ മഹാക്ഷേത്രം സന്ദർശിച്ചിട്ടുണ്ട്. കുങ്കുമ നിറത്തിലുള്ള ശിവലിംഗമാണ് ഈ ക്ഷേത്രത്തിലെ മറ്റൊരു പ്രത്യേകത.

ഈ ക്ഷേത്ര സന്നിധിയിൽ ശിവ ധ്യാനത്തിൽ ഒരുപാട് നേരം മുഴുകിയിരുന്ന ജഗദ് ഗുരു ആദി ശങ്കരാചാര്യർ ധ്യാനാനന്തരം ഈ മഹാക്ഷേത്രത്തിലെ മൂർത്തിയെ കുറിച്ച് ഒരു രചിച്ചിട്ടുണ്ട്.... ശിവ പ്രീതികരമായ ഈ പ്രാർത്ഥന ശ്ലോകം ഇതാണ്....

ഇളപുരേ രമ്യവിശാല കേശ്മിൻ
സമുല്ല സന്തം ച ജഗത് വരേണ്യം
വന്ദേ മഹാ ഭാരതം സ്വഭാവം
ഘൃഷ്ണേശ്വരാഖ്യം ശരണം പ്രപദ്യേ

## ചേർക്കേണ്ട സ്ഥലങ്ങൾ

-------------